ആവിഷ്ക്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അത് കൂടുതൽ വ്യാപകമാക്കാനും കേന്ദ്ര ഗവൺമെൻറ് ഉദ്ദേശിക്കുന്നുയെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. എതായാലും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ ഐ. ആർ. ഡി. പി., എൻ. ആർ. ഇ. പി. പോലെയും ആർ. എൽ. ഇ. ജി. പി. പോലെയുമുള്ള സമാനമായ പദ്ധതികളും നടപ്പിലാക്കുന്ന കാര്യം കേന്ദ്രഗവൺമെൻറിൻെറ ആലോചനയിൽ ഉണ്ടെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. പക്ഷെ ഇതു സംബന്ധിച്ച് ഒരു രേഖയും ഇതുവരെ സംസ്ഥാന ഗവൺമെൻറിന് ലഭിച്ചിട്ടില്ലെന്നുള്ളതാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്.

ശ്രീ ജി. കാർത്തികേയൻ : കേരളത്തിലെ പ്രത്യേക സാഹചര്യമെന്നു പറയുന്നത്, ഇവിടെ മെട്രോപൊളിറ്റൻ സിറ്റികളില്ലാത്തതുകൊണ്ട് അത് കണക്കിലെടുത്തുകൊണ്ട് കേന്ദ്രഗവൺമെൻറ് ഈ നഗര പ്രദേശങ്ങളിൽ 20 ഇന പരിപാടിയുടെ ആനുകൂല്യങ്ങൾ എത്തിക്കാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ലെങ്കിൽ കേരള ഗവൺമെൻറ് അതിനേറെതായ എന്തെങ്കിലും പദ്ധതി ബഹുമാനപ്പെട്ട ഗ്രാമവികസന വകുപ്പുമന്ത്രി കേന്ദ്രഗവൺമെൻറിൻെറ മുമ്പിൽ സമർപ്പിച്ചിട്ടുണ്ടോ ?

ശ്രീ. രമേശ് ചെന്നിത്തല : കഴിഞ്ഞ ഗ്രാമവികസന മന്ത്രിമാരുടെ യോഗത്തിൽ ഞാൻ ഇക്കാര്യം കേന്ദ്രഗവൺമെൻറിൻെറ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. മുനിസിപ്പൽ പ്രദേശങ്ങളിൽ, ഇപ്പോഴത്തെ ചിറ്റൂർ മുനിസിപ്പൽ അധികാരികൾ അവരുടെ ഫണ്ട് ഉപയോഗിച്ചു തന്നെ ഐ. ആർ. ഡി. പി. പോലുള്ള സമാന്തര പദ്ധതികളും ആവിഷ്ക്കരിച്ചിരിക്കുന്നു. ഇതിനെപ്പറ്റി തീർച്ചയായും ഗവൺമെൻറ് ആലോചിക്കുന്നതാണ്.

2. വേട്ടുവൻ, കണക്കൻ, പടന്നൻ, തണ്ടാൻ, പരവൻ, ഭരതർ എന്നീ സമുദായങ്ങളെ പട്ടികജാതി പട്ടികവർഗ്ഗ ലിസ്റ്റിൽ നിന്നും നീക്കംചെയ്യാനുള്ള ശുപാർശയുടെ ദോഷഫലങ്ങൾ

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : സർ, കേന്ദ്രഗവൺമെൻറ് അംഗീകരിച്ചിട്ടുള്ള നമ്മുടെ സംസ്ഥാനത്തെ 103 സമുദായങ്ങളും അടങ്ങുന്ന പട്ടിക ജാതി പട്ടികവർഗ്ഗ ലിസ്റ്റിൽനിന്നും വേട്ടുവൻ, പടന്നൻ, കണക്കൻ, പരവൻ തിരുകൊച്ചിയിലെ തണ്ടാൻ, ഭരതർ എന്നീ സമുദായങ്ങളെ നീക്കം ചെയ്യാൻ നരവംശ ശാസ്ത്രഗവേഷണ കേന്ദ്രത്തിലെ കിർത്താഡ്സ് ഡയറക്ടറായ പി. ആർ. ജി. മാത്തൂർ ഗവൺമെൻറിന് ശുപാർശ ചെയ്യുകയും ആ ശുപാർശയുടെ അടിസ്ഥാനത്തിൽ ക്യാബിനറ്റിൻെറ പരിഗണനയിൽ ഇക്കാര്യമിരിക്കുകയാണെന്നും ഞാൻ മനസ്സിലാക്കുന്നു. ഈ ശുപാർശ ചെയ്യപ്പെട്ട സമുദായങ്ങൾ 5 ലക്ഷത്തോളം വരുന്ന അംഗങ്ങളാണുള്ളത്. ഇവരെ നീക്കം ചെയ്താൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഉദ്യോഗത്തിനുള്ള സംവരണം പഞ്ചായത്തു മുതൽ പാർലമെൻറു വരെ തെരെഞ്ഞെടുപ്പിൽ മൽസരിക്കാനുള്ള സംവരണാവകാശം തുടങ്ങിയ എല്ലാ ആനുകൂല്യവും ഈ സമുദായത്തിന് നഷ്ടപ്പെടുന്നുണ്ട്. ഒരു കാര്യം ചോദിക്കാനുള്ളത്, ഒരു ഉദ്യോഗസ്ഥൻ ഇങ്ങനെ ധിക്കാരപരമായി നടപടി സ്വീകരിച്ചതാണോ, അല്ല കേന്ദ്ര ഗവൺമെൻറിൻെറയും സംസ്ഥാന ഗവൺമെൻറിൻെറയും ശുപാർശയനുസരിച്ചാണോ, അതല്ല, ഏതെങ്കിലും കമ്മിഷൻെറ ശുപാർശയനുസരിച്ചാണോ "നരവംശ ശാസ്ത്ര ഗവേഷണകേന്ദ്രത്തിലെ" ഡയറക്ടർ ഇങ്ങനെ ഈ സമുദായങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

നീക്കംചെയ്യാനുള്ള ശുപാർശ ചെയ്തതെന്നറിയാൻ ഞങ്ങളും ആഗ്രഹിക്കുന്നു യാണ്. ചില പുതിയ സമുദായങ്ങളെ പട്ടികജാതി പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്താനും നിലവിലുള്ള സമുദായങ്ങളെ നീക്കം ചെയ്യാനു മുള്ള ഗൂഢാലോചന നടന്നതായി ഞാൻ ഈ അവസരത്തിൽ കുറ്റപ്പെടുത്തു യാണ്. അതല്ല ഈ ഉദ്യോഗസ്ഥൻ മനപ്പൂർവ്വം ഇങ്ങനെ ചെയ്തതെങ്കിൽ അതിന് അദ്ദേഹത്തിനെ പ്രേരിപ്പിച്ച ചേതോവികാരം എന്താണെന്ന് വ്യക്തമാക്കണം. ഈ ഉദ്യോഗസ്ഥൻ ഒട്ടനവധി ഹരിജനങ്ങളെ ദ്രോഹിക്കുന്ന തായിട്ടുള്ള ഞെട്ടിപ്പിക്കുന്ന വാർത്തകളാണ് കേട്ടുകൊണ്ടിരിക്കുന്നത്. സ്വന്ത താൽപ്പര്യത്തിന് വഴങ്ങാത്ത ആളുകൾക്ക് ആനുകൂല്യം നിഷേധിക്കുന്ന നടപടികളും ഡയറക്ടർ സ്വീകരിച്ചതായിട്ടാണ് ഞങ്ങൾ മനസ്സിലാക്കു ന്നത്. നിലവിലുള്ള ലിസ്റ്റിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർ ഇന്നും സാമൂഹ്യമായി അധസ്ഥിതിയിൽ കഴിഞ്ഞുകൂടുന്നവരാണ്. അയിത്തം നിലവിൽ നിന്നു എന്ന പരാതിതന്നെ നിഷേധിക്കാൻ ആർക്കും കഴിഞ്ഞി ട്ടില്ല. നമ്മുടെ സംസ്ഥാനത്ത് ഇന്നും അയിത്തം നിലനിൽക്കുന്നു. പാലക്കാട് ജില്ലയിലെ ചില ഭാഗങ്ങളിലും കാസർകോട് ജില്ലയിലും അതുപോലുള്ള സ്ഥലങ്ങളിലും ഇന്നും അയിത്തവും അടിമവേലയും നിലനിൽക്കുകയാണ്. സാമൂഹ്യമായ പിന്നോക്കാവസ്ഥ കണക്കിലെടുത്തുകൊണ്ടാണ് ഈ സമു ദായത്തെ പട്ടികജാതി പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തിയത്. 28 ലക്ഷത്തോളം വരുന്ന നമ്മുടെ സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ ക്കാരുടെ സ്ഥിതി ഇന്നും ശോചനീയമാണ്.

സർ, അവർക്ക് കേറിക്കിടക്കാൻ ഇടമില്ല. കൃഷി ചെയ്യാൻ ഭൂമിയില്ല. അങ്ങനെ നരകയാതന അനുഭവിക്കുകയാണ്. ഒരു നേരത്തെ
10 a.m. ആഹാരംപോലും വയർ നിറച്ചു കഴിക്കുൻ സാധിക്കാത്ത 99 ശതമാ നത്തോളം വരുന്ന ഈ പട്ടികജാതി-പട്ടികവർഗ്ഗക്കാരെ ഇങ്ങനെ ദ്രോഹിക്കേണ്ട കാര്യം എന്താണെന്ന് മനസ്സിലാകുന്നില്ല. ഇന്നും ഇവർ ദരിദ്രനാരായണൻമാരാണ്. അവരെ രക്ഷിക്കാനുള്ള നടപടികളും സ്വീകരിക്കുന്ന തിനുപകരം അവരെ ദ്രോഹിക്കുന്ന നടപടികളിൽ നിന്നും പിൻമാറണം എന്നാണ് എനിക്ക് ഗവൺമെൻറിനോട് അഭ്യർത്ഥിക്കുവാനുള്ളത്. ഇൻഡ്യക്ക് സ്വാതന്ത്ര്യം കിട്ടി വർഷങ്ങൾ വളരെയായിയെങ്കിലും സാമൂഹ്യ സാമ്പത്തികരംഗത്തു നരകയാതനയും കണ്ണീരും കൈയുമായി ഇവർ കഴിയേണ്ട സ്ഥിതിയാണ്. നമ്മുടെ സംസ്ഥാനത്ത് ലക്ഷത്തോളം ഹരിജനങ്ങൾ ഉണ്ടെ ങ്കിലും അവരിലാരുംതന്നെ എസ്റ്റേറ്റ് ഉടമകളായോ കോൺട്രാക്ടർമാരായോ ഇല്ല. കച്ചവടക്കാരോ വ്യവസായികളോ ഇല്ല. പ്രഭാതം മുതൽ പ്രദോഷംവരെ പാടത്തു പണിയെടുത്തു കഷ്ടപ്പെടുന്നവരാണിവർ, അങ്ങനെ കഷ്ടപ്പെടുന്ന വരെ സഹായിക്കുന്നതിനു പകരം അവരെ ദ്രോഹിക്കാനുള്ള നടപടികൾക്ക് ശുപാർശ ചെയ്യുന്ന ഒരു ഉദ്യോഗസ്ഥനെ ആ സ്ഥാനത്തിരുത്തരുത് എന്ന് ഞാൻ അപേക്ഷിക്കുകയാണ്. ആ ഉദ്യോഗസ്ഥന്റെ നാളിതുവരെയുള്ള പ്രവർത്ത നങ്ങൾ പരിശോധിക്കുവാനും ഒരു പുതിയ ഏജൻസിയെക്കൊണ്ട് അന്വേഷി പ്പിക്കാനും ആ ഉദ്യോഗസ്ഥനെതിരായി കർശനമായ നടപടികൾ സ്വീകരി ക്കാനും ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടുകയാണ്.

ഈ അവസരത്തിൽ ഒരു കാര്യം ഞാൻ ഗവൺമെൻറിനെ അറിയിക്കുവാൻ ആഗ്രഹിക്കുകയാണ്. നിലവിലുള്ള ലിസ്റ്റിൽ നിന്നും ഇങ്ങനെ കണ്ണീരും കയ്യുമായി കഴിയുന്ന പട്ടികജാതി-പട്ടികവർഗ്ഗത്തിൽ ഉൾപ്പെട്ട ഏതെങ്കിലും സമുദായത്തെ നീക്കം ചെയ്യാനാണ് ഭാവമെങ്കിൽ അതിനെ പല്ലും നഖവും ഉപയോഗിച്ച് ഈ സംസ്ഥാനത്തെ ഹരിജനങ്ങളും, പട്ടികജാതി-പട്ടികവർഗ്ഗ ക്കാർ എതിർക്കുമെന്ന് മുന്നറിയിപ്പു നൽകാൻ ഞാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ ശരീരത്തിൽ ഒരു തുള്ളി രക്തം അവശേഷിക്കുന്നതുവരെ ഈ നടപടികൾക്ക് മാപ്പു കൊടുക്കാൻ സംസ്ഥാനത്തെ ഹരിജനങ്ങൾ തയ്യാറാവുകയില്ല. എല്ലാ ശക്തിയും സംഭരിച്ചുകൊണ്ട് എതിർക്കുകതന്നെ ചെയ്യും എന്ന് ഗവൺമെൻറിനെയും പ്രത്യേകിച്ച് മുഖ്യമന്ത്രിയേയും അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

സർ, ഒരു കാര്യംകൂടി പറഞ്ഞു അവസാനിപ്പിക്കുകയാണ്. ഞാൻ പറയുന്നത് ശരിയാണോ എന്നെനിക്കറിയില്ല. വളരെ വില കുറഞ്ഞ ഒരു പ്രസ്താവനയായിരിക്കും അതെന്ന് എനിക്ക് തോന്നുകയാണ്. പടന്നനും, കണക്കനും, വേട്ടുവനുമൊക്കെ ഇവിടെയുണ്ട്. ശ്രീ. ടി. കെ. ആറുമുഖൻ കണക്കനാണ്. ഞാൻ പടന്നനാണ്. അപ്പുറത്തിരിക്കുന്ന മന്ത്രി വേട്ടുവനാണ്. അവരെയൊക്കെ തേജോവധം ചെയ്യാനുള്ള നടപടിയാണോ ഇതിന്റെ പിന്നിലുള്ളതെന്നുപോലും ഞാൻ സംശയിക്കുകയാണ്. എന്നായിരുന്നാലും ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. ഇതിന് എന്തെല്ലാം വേറെ മാർഗ്ഗങ്ങൾ ഉണ്ട്. ഈ സമുദായത്തെ ദ്രോഹിക്കുന്ന ഇത്തരം നടപടികൾ തീകൊണ്ടുള്ള കളിയാണെന്ന് ഞാൻ ഗവൺമെൻറിന് മുന്നറിയിപ്പു നൽകിക്കൊണ്ട് അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, സംഗതികളുടെ യഥാർത്ഥ നില മനസ്സിലാക്കിയതിനുശേഷമാണ് ഇങ്ങനെയൊരു വികാരം പ്രകടിപ്പിച്ചിരുന്നതെങ്കിൽ എനിക്ക് മനസിലാക്കാൻ കഴിയുമായിരുന്നു. ഈ ടിപ്പണിയും സമരപ്രഖ്യാപനവും പല്ലും നഖവും ഒന്നും കേടുവരുത്തേണ്ട ഒരു കാര്യവുമില്ല. കിർത്താഡ്സിന്റെ ഡയറക്ടർ തന്നിട്ടുള്ള ശുപാർശ തണ്ടാൻ സമുദായത്തെ ഇതിൽ നിന്നും നീക്കം ചെയ്യണം എന്നുള്ളതാണ്. മറ്റുള്ള ആരെയും നീക്കം ചെയ്യാൻ ശുപാർശ ചെയ്തിട്ടില്ല. 1981-ൽ തന്ന റിപ്പോർട്ടിൽ തണ്ടാൻ സമുദായത്തെ പട്ടികജാതി-പട്ടികവർഗ്ഗ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യണമെന്നാണ് ശുപാർശ ചെയ്തിട്ടുള്ളത്. ഈ വിഭാഗങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ, സാമൂഹ്യമായ മാറ്റം അവരുടെ സാഹചര്യങ്ങൾ എന്നിവ സംബന്ധിച്ച് കാലാകാലങ്ങളിൽ ഗവൺമെൻറിന് റിപ്പോർട്ട് സമർപ്പിക്കും. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അത് ശരിയാണോയെന്ന് പരിശോധിക്കും. അതിൽ ഏതെങ്കിലും കാര്യം സ്വീകരിക്കേണ്ടതുണ്ടെങ്കിൽ സംസ്ഥാന ഗവൺമെൻറു കേന്ദ്ര ഗവൺമെൻറിനെ അറിയിക്കും. കേന്ദ്രഗവൺമെൻറു അതിനാവശ്യമായ നടപടികൾ സ്വീകരിക്കും. സാധാരണഗതിയിൽ ഭരണഘടനാ ഭേദഗതി വരുത്തി അതിന് ആവശ്യമായ നടപടി സ്വീകരിക്കുകയാണ് നിലവിലുള്ള നടപടിക്രമം. ധീവരസമുദായത്തിൽപ്പെട്ടവരെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന് ഈ റിപ്പോർട്ടിൽ ഒരു ശുപാർശയുണ്ട്. അത് ഈ ഗവൺമെൻറ് അംഗീകരിച്ച് കേന്ദ്രഗവൺമെൻറിനോട് ആവശ്യപ്പെട്ടു കഴിഞ്ഞിരിക്കുകയാണ്. തണ്ടാൻ സമുദായത്തെ ലിസ്റ്റിൽ നിന്നും നീക്കണമെന്നുള്ള ആവശ്യം ഗവൺമെൻറു അംഗീകരിച്ചിട്ടില്ല. ഈ ഗവൺമെൻറ് ഇന്നുള്ള പട്ടികജാതി-പട്ടികവർഗ്ഗത്തിൽ ഉൾപ്പെട്ട എല്ലാവരെയും നിലനിർത്തണമെന്നും നിർബന്ധമായും ശക്തിയായും ഇൻഡ്യാഗവൺമെൻറിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ പല്ലും നഖവുമൊന്നും കേടു വരുത്തേണ്ട കാര്യമില്ല. ഈ ഗവൺമെൻറിന് മറ്റാരെക്കാളും പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ കാര്യത്തിനു താല്പര്യമുണ്ട്. ഇന്ന് ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഒറ്റ ആളിനെയും ഒഴിവാക്കുന്നതിനും സംസ്ഥാനഗവൺമെൻറു അറിഞ്ഞുകൊണ്ട് അനുവദിക്കുകയില്ലായെന്നും വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : സർ, അങ്ങനെയാണെങ്കിൽ നരവംശശാസ്ത്രഗവേഷണകേന്ദ്രത്തിന്റെ ഡയറക്ടറായ ഡോ. പി. ആർ. ജി. മാത്തൂർ ഗവൺമെന്റിലേക്ക് സമർപ്പിച്ച ശുപാർശ മേശപ്പുറത്തു വയ്ക്കാൻ തയ്യാറാകുമോ ? ആ ശുപാർശയുടെ അടിസ്ഥാനത്തിൽ ക്യാബിനറ്റിൽ പ്രശ്നം ചർച്ചക്കു വരുകയുണ്ടായോ ? ആ വിവരവും മേശപ്പുറത്തു വയ്ക്കാൻ തയ്യാറാകുമോ ? സാധാരണഗതിയിൽ ബന്ധപ്പെട്ട വകുപ്പുമന്ത്രിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് പ്രശ്നങ്ങൾ ക്യാബിനറ്റിന്റെ പരിഗണനയ്ക്ക് വരുന്നത്. അതുകൊണ്ട് ശ്രീ. മാത്തൂരിന്റെ ശുപാർശയും മുഖ്യമന്ത്രി ഇതു സംബന്ധിച്ച് ക്യാബിനറ്റിലേക്ക് കൊടുത്ത നോട്ടും മേശപ്പുറത്തു വയ്ക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. കരുണാകരൻ : ക്യാബിനറ്റിലേക്കുള്ള നോട്ട് മേശപ്പുറത്ത് വയ്ക്കില്ല. മാത്തൂരിന്റെ റിപ്പോർട്ടിൻമേൽ തീരുമാനമെടുക്കുന്നത് ഗവൺമെന്റാണ്. മാത്തൂർ അതിന്റെ വിവിധ വശങ്ങളാണ് അവതരിപ്പിച്ചിട്ടുള്ളത്. അതായത് തണ്ടാൻ സമുദായം ഉൾപ്പെടെയുള്ള ആളുകൾക്ക് ആനുകൂല്യം കൊടുക്കാൻ പാടില്ലായെന്ന് പറഞ്ഞിട്ടുണ്ട്. മറ്റ് ജനവിഭാഗങ്ങൾക്ക് പഴയസ്ഥിതി ഇല്ലെങ്കിൽപോലും ഇത് നിലനിർത്തുകയാണെങ്കിൽ അവരെയും നിലനിർത്തേണ്ടതാണെന്നുള്ള നിലയിൽ വിവിധ വശങ്ങൾ അദ്ദേഹം അവതരിപ്പിച്ചു എന്നു മാത്രമേയുള്ളൂ. ഗവൺമെന്റ് എടുത്ത തീരുമാനം ഒരാളെയും ഒഴിവാക്കാൻ പാടില്ല എന്നാണ്. അതുകൊണ്ട് മാത്തൂരിന്റെ റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കേണ്ട കാര്യമില്ല.

IV സബ്മിഷൻ

1. മൂക്കംപെട്ടി വനത്തിലെ ക്ലിയർ ഫെല്ലിംഗ്

ശ്രീ. കാനം രാജേന്ദ്രൻ : സർ, കോട്ടയം ജില്ലയിലെ എരുമേലി റേഞ്ചിൽ മൂക്കംപെട്ടിവനം അവശേഷിക്കുന്ന ഏക ഇലകൊഴിയും വനമാണ്. അവിടെ സെലക്ഷൻ ഫെല്ലിംഗിന്റെ പേരിൽ ക്ലിയർ ഫെല്ലിംഗ് നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ദിവസം സഭയിൽ ഈ വിഷയം ഉന്നയിച്ചപ്പോൾ സെലക്ഷൻ ഫെല്ലിംഗിന്റെ പേരിൽ ക്ലിയർ ഫെല്ലിംഗ് നടത്താൻ ആരെയും അനുവദിക്കുകയില്ലായെന്ന്, മന്ത്രി പ്രഖ്യാപിച്ചു കഴിഞ്ഞതിനുശേഷം ഞാനും ശ്രീ. കെ. വി. സുരേന്ദ്രനാഥ് എം. എൽ. എ. യും ഈ സ്ഥലം സന്ദർശിക്കുകയുണ്ടായി. അവിടെയുള്ള മരങ്ങൾ മുഴുവൻ വെട്ടിമുറിച്ചിട്ടിരിക്കുകയാണ്. സെലക്ഷൻ ഫെല്ലിംഗിന്റെ നിയമം അനുസരിച്ച് ഈ ഇലകൊഴിയും വനത്തിൽ ഒരു ഹെക്ടറിൽ രണ്ടുമരം മാത്രമേ മുറിക്കാൻ പാടുള്ളൂ. നിത്യഹരിതവനമാണെങ്കിൽ ഒരു ഹെക്ടറിൽ 10 മരം മുറിക്കാമെന്നാണ്. അവിടെയുള്ള 200 ഹെക്ടറിലുള്ള മുഴുവൻ മരങ്ങളും മുറിച്ചിരിക്കുകയാണ്. വലിയ നാഷണൽ ഹൈവേകൾ തീർത്തു അവിടെ നിന്നു തടികൾ കൊണ്ടുപോകുന്നതിനുള്ള ശ്രമം നടത്തുകയാണ്. മന്ത്രി ഇവിടെ പ്രസ്താവന നടത്തിയതിനുശേഷവും അവിടെ ഇതാണ് നടക്കുന്നത്. ഇക്കാര്യം ഒരു നിയമസഭാ കമ്മിറ്റിയെക്കൊണ്ട്, അന്വേഷിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly